**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 440** **02-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസുകൾ ലാഭകരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസുകൾ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാത്തതിനാൽ നിരത്തിൽ ഇറക്കാൻ കഴിയാതെ ഉരുമ്പെടുത്ത് നശിച്ച പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ 190 ലോ ഫ്ലോർ എ.സി. ബസ്സുകളും 240 റിയർ എഞ്ചിൻ നോൺ എ.സി. ലോ ഫ്ലോർ ബസ്സുകളും 289 ഫ്രണ്ട് എഞ്ചിൻ നോൺ എ.സി. സെമി ലോ ഫ്ലോർ ബസ്സുകളുമാണുള്ളത്. നിലവിൽ 85 എ.സി. ലോ ഫ്ലോർ ബസ്സുകളും 43 നോൺ എ.സി. ഫ്രണ്ട് എഞ്ചിൻ സെമി ലോ ഫ്ലോർ ബസ്സുകളും അറ്റകുറ്റ പണികൾക്കായി വിവിധ ഡിപ്പോകളിൽ നിർത്തിയിട്ടിരിക്കുകയാണ്. എന്നാൽ കോവിഡ് മഹാമാരിമൂലം ജനങ്ങൾ A/c ലോ ഫ്ലോർ ബസുകളിൽ സഞ്ചരിക്കാൻ വിമുഖത കാണിക്കുന്നതിനാൽ A/c ലോ ഫ്ളോർ ബസുകൾ നിലവിൽ നിരത്തിലിറക്കുവാൻ സാധിക്കാത്തതുകൊണ്ടാണ് സുരക്ഷിതമായ സ്ഥലങ്ങളിൽ പാർക്കു ചെയ്തിട്ടുള്ളത്. നിലവിൽ ആകെയുള്ള 719 ലോ ഫ്ളോർ ബസുകളിൽ 110 (40 A/c + 70 Non A/c) എണ്ണം സർവ്വീസ് നടത്തി വരുന്നു. ലാഭകരമല്ലാത്തതിനാൽ നിലവിൽ പാർക്ക് ചെയ്തിട്ടുള്ളതും, അറ്റകുറ്റപണി കഴിഞ്ഞതിനുശേഷമുള്ളതായ ലോ ഫ്ളോർ ബസുകൾ 2021 നവംബർ - ഡിസംബർ മാസത്തോടെ സർവ്വീസിനായി നിരത്തിലിറക്കുന്നതാണ്. |
| (ബി) | പ്രസ്തുത ബസുകൾ അറ്റകുറ്റ പണികൾ പൂർത്തിയാക്കി നിരത്തുകളിൽ ഇറക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ 190 ലോ ഫ്ലോർ എ.സി. ബസ്സുകളും 240 റിയർ എഞ്ചിൻ നോൺ എ.സി. ലോ ഫ്ലോർ ബസ്സുകളും 289 ഫ്രണ്ട് എഞ്ചിൻ നോൺ എ.സി. സെമി ലോ ഫ്ലോർ ബസ്സുകളുമാണുള്ളത്. നിലവിൽ 85 എ.സി. ലോ ഫ്ലോർ ബസ്സുകളും 43 നോൺ എ.സി. ഫ്രണ്ട് എഞ്ചിൻ സെമി ലോ ഫ്ലോർ ബസ്സുകളും അറ്റകുറ്റ പണികൾക്കായി വിവിധ ഡിപ്പോകളിൽ നിർത്തിയിട്ടിരിക്കുകയാണ്. എന്നാൽ |

| | | | |
|---|---|---|---|
| | | | കോവിഡ് മഹാമാരിമൂലം ജനങ്ങൾ A/c ലോ ഫ്ലോർ ബസുകളിൽ സഞ്ചരിക്കാൻ വിമുഖത കാണിക്കുന്നതിനാൽ A/c ലോ ഫ്ളോർ ബസുകൾ നിലവിൽ നിരത്തിലിറക്കുവാൻ സാധിക്കാത്തതുകൊണ്ടാണ് സുരക്ഷിതമായ സ്ഥലങ്ങളിൽ പാർക്ക ചെയ്തിട്ടുള്ളത്. നിലവിൽ ആകെയുള്ള 719 ലോ ഫ്ളോർ ബസുകളിൽ 110 (40 A/c + 70 Non A/c) എണ്ണം സർവ്വീസ് നടത്തി വരുന്നു. ലാഭകരമല്ലാത്തതിനാൽ നിലവിൽ പാർക്ക് ചെയ്തിട്ടുള്ളതും, അറ്റകുറ്റപണി കഴിഞ്ഞതിനുശേഷമുള്ളതായ ലോ ഫ്ളോർ ബസുകൾ 2021 നവംബർ - ഡിസംബർ മാസത്തോടെ സർവ്വീസിനായി നിരത്തിലിറക്കുന്നതാണ്. |
| (സി) | ലോഫ്ലോർ ബസുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | കോവിഡ്-19 മഹാമാരിമൂലമുള്ള നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ എ.സി ലോ ഫ്ലോർ ബസ്സുകൾ കഴിഞ്ഞ ഒന്നര വർഷമായി സർവ്വീസ് നടത്താൻ സാധിച്ചിരുന്നില്ല. ഇപ്പോഴും പൊതുജനം കോവിഡ് ഭീതികാരണം എ.സി. ബസ്സിൽ യാത്ര ചെയ്യാൻ വിമുഖത കാണിക്കുന്നതിനാൽ അത്യാവശ്യമുള്ള എ.സി ബസ്സുകൾ മാത്രമാണ് സർവ്വീസിന് സജ്ജമാക്കി ഉപയോഗിച്ച വരുന്നത്. യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആവശ്യാനുസരണം ലോ ഫ്ളോർ ബസുകൾ സർവ്വീസ് ലഭ്യമാക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ബസ്സുകളെ ലാഭകരമാക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സെമി ലോ ഫ്ലോർ നോൺ എ.സി. ബസ്സുകൾ 289 എണ്ണം തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് വിന്യസിക്കുകയും, അതിൽ 108 ബസ്സുകൾ പുതിയതായി ആരംഭിക്കുന്ന സിറ്റി സർക്കുലർ സർവ്വീസിനായി സജ്ജമാക്കിയിട്ടുമുണ്ട്. 2021-22-ലെ ശബരിമല സ്പെഷ്യൽ സർവ്വീസിന് ഉപയോഗിക്കുന്നതിനായി 104 ബസ്സുകളുടെ അറ്റകുറ്റ പണികൾ പുരോഗമിച്ച് വരികയാണ്. അവശേഷിക്കുന്നവ തിരുവനന്തപുരം ജില്ലയിലെ വിവിധ ഡിപ്പോകളിൽ സർവ്വീസ് നടത്തുകയാണ്. കൂടാതെ എ.സി. ലോ ഫ്ലോർ ബസ്സുകളും, ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സർവ്വീസ് നടത്തുന്നതിനും, പുതിയതായി ആരംഭിക്കുന്ന തിരുവനന്തപുരം - കോഴിക്കോട് ബൈപാസ് സർവ്വീസിനായും സജ്ജമാക്കി വരുകയാണ്. കൂടാതെ, ലോ ഫ്ളോർ ബസ്സുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും, ജനോപകാരപ്രദമായ രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിനും കെ.എസ്.ആർ.ടി.സി. താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സിറ്റി സർക്കുലർ 108 |

നോൺ എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗര പരിധിയിൽ സർക്കുലർ സർവ്വീസുകൾ ആരംഭിക്കുന്നതിന് പദ്ധതിയിടുകയും, പദ്ധതിയുടെ ആദ്യ ഘട്ടം 08.08.2021 തീയതിയിൽ തിരുവനന്തപുരത്ത് വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. പദ്ധതി 2021 നവംബർ മാസം മുതൽ നടപ്പിലാക്കുവാനാണ് നിലവിൽ വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ കൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്നത് പദ്ധതിയുണ്ട്. സമുദ്ര ബസ് പദ്ധതി മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ മത്സ്യ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും, രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും തിരുവനന്തപുരം സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യതൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. Fish on Wheels, Foodies on Wheels, Mobile Ration shop എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ്. കെ.എസ്.ആർ.ടി.സി. ലോഫ്ളോർ എ.സി. ബസ്സുകളിലും, ദീർഘദൂര മൾട്ടി ആക്സിൽ സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്രവാഹനങ്ങളെ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തി പദ്ധതി നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഇതിനുപുറമേ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് ടൂർ

| | | | | |
|---|---|---|---|---|
| | | | | പാക്കേജുകളും, sight seeing പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ബൈപ്പാസ് റൈഡർ / ചെയിൻ സർവ്വീസുകൾ / വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ. ലോ ഫ്ളോർ എ.സി ബസ്സുകൾ കൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം - കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾ വഴി ബൈപാസ് റൈഡർ ആയി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം-എറണാകുളം, എറണാകുളം - കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് അധിക യാത്രാ സൗകര്യവും അതുവഴി വരുമാനവർദ്ധനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ കോവിഡ് നിയന്ത്രണങ്ങളാൽ നിർത്തിവച്ച എ.സി. ബസ്സുകളടക്കം എല്ലാ ബസുകളും പുനരുപയോഗിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ